സന്ദേശനിലയം

ചങ്ങനാശ്ശേരി

SANDESA NILAYAM CHANGANACHERRY

VISWASOLSAV INTENSIVE CATECHESIS IN SUMMER

# വിശ്വാസോത്സവം–2025

## സീനിയർ വിഭാഗം

## അധ്യാപകസഹായി

VISWASOLSAV
INTENSIVE CATECHESIS IN SUMMER

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

# പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

ഈശോമിശിഹയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലി നമ്മൾ ആഘോഷിക്കുകയാണ്. വചനമായ ഈശോയെ ഹൃദയത്തിൽ സ്വീകരിക്കാനും ജീവിതത്തിൽ പകർത്താനുമാണ് ഈ ജൂബിലി വർഷത്തിലെ വിശ്വാസോത്സവത്തിലൂടെ നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കാനായി താഴെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

1. വിശ്വാസോത്സവത്തിന്റെ ദിവസങ്ങളിൽ ദൈവാലയത്തിലും ക്ലാസ്സുകൾ നടക്കുന്ന ഇടങ്ങളിലും **വി. ഗ്രന്ഥം പ്രത്യേകമായി പ്രതിഷ്ഠിക്കുന്നത് നന്നായിരിക്കും.**
2. ചില പ്രവർത്തനങ്ങൾ വി. ഗ്രന്ഥം ഉപയോഗിച്ചുള്ളതായതിനാൽ ക്ലാസ്സുകളിൽ കുട്ടികളുടെ പക്കൽ വി. ഗ്രന്ഥം ഉണ്ടായിരിക്കണം.
3. വിശ്വാസോത്സവ ദിനങ്ങളിലെ ക്രമീകരണങ്ങളിൽ ഇടവകയിലെ മറ്റ് സംഘടനകളുടെ സാന്നിദ്ധ്യവും സഹകരണവും ഉൾപ്പെടുത്തുന്നത് ഇടവക മുഴുവന്റെയും ഒരു പരിശീലന അവസരമാക്കാൻ (Intergenerational Catechesis) ഉപകരിക്കും.
4. വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപക സഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതി ഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*ഡയറക്ടർ, സന്ദേശനിലയം*

## ഒന്നാം ദിവസം

**ആക്ടിവിറ്റി 3**

1. മംഗളവാർത്ത
2. മറുപടി / സമർപ്പണം
3. ക്രിസ്തുമസ് / ജനനം / തിരുപ്പിറവി

**ആക്ടിവിറ്റി 4**

1. വെളിച്ചം
2. ആകാശം
3. ഹരിതസസ്യങ്ങൾ, ധാന്യച്ചെടികൾ, വൃക്ഷങ്ങൾ
4. രാവും പകലും
5. പക്ഷികൾ, ജലജന്തുക്കൾ, കടൽജീവികൾ
6. മനുഷ്യൻ

**ആക്ടിവിറ്റി 5**

**നോഹ**

ഉൽപ്പത്തി 6:5 ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിക്കുകയും ഹൃദയത്തിന്റെ ചിന്തയും ഭാവനയും ദുഷിച്ചതുമാണെന്നും കണ്ട ദൈവം ഭൂമുഖത്ത് മനുഷ്യനെ സൃഷ്ടിച്ചതിൽ പരിതപിച്ചു. അത് അവിടുത്തെ ഹൃദയത്തെ വേദനിപ്പിക്കുകയും ചെയ്തു. ഉൽപ്പത്തി 6:17 ഭൂമി ദുഷിച്ചുപോയി. ലോകത്തിൽ മനുഷ്യരെല്ലാം ദുർമാർഗ്ഗിക ളായി. മനുഷ്യർ മൂലം ലോകം അധർമ്മംകൊണ്ട് നിറഞ്ഞു. 6:18 എന്നാൽ നോഹ കർത്താവിന്റെ പ്രീതിക്ക് പാത്രമായി. ''അതിനാൽ ജീവജാലങ്ങളെ നശിപ്പിക്കാൻ ദൈവം നിശ്ചയിച്ചു. ഭൂതലത്തിലെല്ലാം പ്രളയം വരുത്തുകയും വെള്ളപ്പൊക്കത്തിൽനിന്ന് രക്ഷപെടാൻ 7:7 നോഹയും കുടുംബവും പെട്ടകത്തിനുള്ളിൽ പ്രവേശിച്ച് ദൈവം കല്പിച്ചതനുസരിച്ച് നോഹ പ്രവർത്തിക്കുകയും ചെയ്തു 7:5.

150 ദിവസം നീണ്ടു നിന്ന പ്രളയം അവസാനിച്ചു. നോഹ കർത്താവിന് ബലിപീഠം നിർമ്മിച്ച് ദഹനബലിയർപ്പിച്ചു. ബലി യിൽ കർത്താവ് പ്രസാദിച്ചു. നോഹയേയും പുത്രന്മാരെയും ദൈവം അനുഗ്രഹിക്കുകയും ഉടമ്പടി ചെയ്യുകയും ചെയ്തു 9: 1–17.

ഭൂമിയുമായുള്ള ഇടമ്പടിയുടെ അടയാളമായി മേഘങ്ങളിൽ കർത്താവ് തന്റെ വില്ലു സ്ഥാപിച്ചു 10:13.

## ആക്റ്റിവിറ്റി 6

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ ഉൽപ്പത്തി പുസ്തകത്തിൽ നിന്നുള്ളതാണ്.

| | വ്യക്തികൾ | സ്ഥലങ്ങൾ |
|---|---|---|
| 1. അബ്രാഹം | 1. സാറാ 12 : 5<br>2. ലോത്ത് 12 : 4<br>3. ഹാഗാർ 16 : 1<br>4. ഇസ്രായേൽ 16 : 15 | 1. കാനാൻ 12 : 5<br>2. ഹാരാൻ 12 : 4<br>3. ഹെബ്രോൺ 13 : 18 |
| 2. ഇസഹാക്ക് | 1. ലാബാൻ<br>2. റബേക്കാ<br>3. അബിമെലക്ക് | 1. ഗരാർ – 26 : 6<br>2. ബേർല്ഹായ്റോയ്<br>3. മെസപ്പൊട്ടാമിയാ 24:10 |
| 3. യാക്കോബ് | 1. റാഹേൽ 29 : 28<br>2. ലെയാ 29 : 32 | 1. ബഥേൽ (ലൂസ്)<br>2. പെനുവേൽ 32 : 30 |
| 4. ജോസഫ് | 1. റൂബൻ 37 : 21<br>2. യൂദാ 37 : 26<br>3. പൊത്തിഫർ 37 : 36 | 1. കാനാൻ 37 : 1<br>2. ഷെക്കം 37 : 14<br>3. ദോത്താൻ 37 : 17 |

## ആക്ടിവിറ്റി 7

**മോശ –** പുറപ്പാട് രണ്ടാം അധ്യായം മുതൽ കാണാം. മറ്റ് സൂചനകൾ താഴെ കൊടുത്തിരിക്കുന്നു.

1. പുറപ്പാട് 3 : 14
2. പുറപ്പാട് 3 : 5
3. നിയമാവർത്തനം 34 : 4
4. നിയമാവർത്തനം 34 :10
5. പുറപ്പാട് 2 : 10

**സാമുവേൽ പ്രവാചകൻ**

1. 1 സാമുവേൽ 1 : 20
2. 1 സാമുവേൽ 3 : 1
3. 1 സാമുവേൽ 3 : 21
4. 1 സാമുവേൽ 3 : 10
5. 1 സാമുവേൽ 16 : 12

**ജെറമിയ പ്രവാചകൻ**

1. ജെറമിയ 1 : 5
2. ജെറമിയ 1 : 6
3. ജെറമിയ 1 : 10
4. ജെറമിയ 31 : 15
5. ജെറമിയ 7 : 4

## രണ്ടാം ദിവസം

രണ്ടാം ദിവസം മനുഷ്യനായി അവതരിച്ച ഈശോയെ പഠന വിഷയമാക്കുന്നു. പ്രവചനത്തിന്റെയും വെളിപാടിന്റെയും പൂർത്തീകരണമായി വന്ന 'വചനം' പരിശുദ്ധ കന്യാമറിയത്തിൽ നിന്നും മാംസം ധരിച്ചു.

**ആക്ടിവിറ്റി 1**

പുസ്തകത്തിൽ നൽകിയിരിക്കുന്ന കഥ രസകരമായ രീതിയിൽ ക്ലാസിൽ അവതരിപ്പിക്കുന്നു. അതിനുശേഷം രണ്ടു മിനിറ്റ് കണ്ണുകൾ അടച്ച് എന്തിനാണ് 'വചനമായ ദൈവം' മനുഷ്യനായി ഭൂമിയിൽ അവതരിച്ചതെന്ന് ചിന്തിക്കാൻ പറയുന്നു. ഓരോരുത്തരുടെയും ആശയം ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. അതിനുശേഷം വർക്ക് ബുക്കിൽ എഴുതുന്നു.

**ആക്ടിവിറ്റി 2**

ഈ പ്രവർത്തനം ചെയ്യുന്നതിലൂടെ ഈശോ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആണ് എന്ന ബോധ്യം കുട്ടികളിൽ ഉറപ്പിക്കുന്നു. സർവ്വസാധാരണമായി കുട്ടികൾക്കുണ്ടാകുന്ന ഒരു സംശയത്തിന് ഉത്തരം നൽകുകയാണ് ചെയ്യുന്നത്. ഈശോയ്ക്ക് ദൈവീക ഭാവങ്ങളും മാനുഷിക ഭാവങ്ങളും ഉണ്ട്.

നാലു ഗ്രൂപ്പുകാർക്കും ഓരോ ചാർട്ട് വീതം നൽകുന്നു. അതിൽ പുത്രനായ ദൈവത്തിന്റെ അടയാളങ്ങളും, മാനുഷിക ഭാവങ്ങളും ഓരോരുത്തരെകൊണ്ടും എഴുതിപ്പിക്കുന്നു. ഏറ്റവും ആദ്യം ശരിയായി ഉത്തരം എഴുതി തീർത്ത ഗ്രൂപ്പിന് പോയിന്റ് നൽകുന്നു.

**ആക്ടിവിറ്റി 3**

സമകാലിക ലോകത്തിൽ ഇതര മതവിഭാഗങ്ങളിൽ നിന്നും യുവജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

ഈശോ ദൈവമാണ്, ദൈവപുത്രനാണ് എന്ന് നമ്മുടെ വിശുദ്ധ ഗ്രന്ഥത്തിൽ പറയുന്ന ഏതാനും ഭാഗങ്ങളാണ് നൽകിയിരിക്കുന്നത്. തന്നിരിക്കുന്ന ഭാഗങ്ങൾ വായിച്ച് ഓരോ ഭാഗവും ദൈവം / ദൈവപുത്രൻ എന്ന തലക്കെട്ടിന്റെ താഴെ എഴുതുക.

**ആക്ടിവിറ്റി 4**

പുത്രനായ ദൈവം മനുഷ്യനായി അവതരിച്ചത് ചരിത്രത്തിലേക്കാണ്. ഈ ഭൂമിയിലെ ഓരോ മനുഷ്യനെയും പോലെ പരിശുദ്ധ കന്യാമറിയത്തിൽ നിന്ന് ഈശോ ജനിച്ചു എന്ന ബോധ്യം കുട്ടികളിൽ ഉറപ്പിക്കുക എന്നതാണ് ലക്ഷ്യം.

കാലനിർണയം : AD -Anno Domini

BC - Before Christ

(CE, BCE എന്നൊക്കെ പാഠപുസ്തകങ്ങളിലും മറ്റും ഇപ്പോൾ കാണുന്നതെങ്കിലും നമ്മുടെ ഈശോയുടെ പേര് പറയാതെ ഒരു ചരിത്രവും എഴുതുവാൻ കഴിയില്ല എന്ന കാര്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നു)

**സ്ഥലനാമങ്ങൾ**

ജെറുസലേം, ഗലീലി, നസ്രത്ത്, തിബരിയാസ്, ഗലീലി തടാകം, ജോർദാൻ നദി, ഒലിവുമല etc.....

**രാജാക്കന്മാർ**

ഹേറോദേസ് - BC 4004

അർക്കെലാവോസ് - BC 4 - AD 6

അന്തിപ്പാസ് - BC 4 - AD 40

ഫിലിപ്പ് - BC 4 - AD 34

പന്തിയോസ് പീലാത്തോസ് - AD 26- 38

അഗസ്റ്റസ് സീസർ - BC 27- AD 14

**റോമൻ ചരിത്രകാരന്മാർ**

ടാസിറ്റസ്

റോമൻ ചരിത്രകാരന്മാരിൽ പ്രധാനിയാണ് ടാസിറ്റസ്. അദ്ദേഹം തന്റെ ''അനൽസ്'' എന്ന ചരിത്ര ഗ്രന്ഥത്തിൽ ഈശോയെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

''തിബേരിയുസ് ചക്രവർത്തിയുടെ ഭരണകാലത്ത് പന്തിയോസ് ഗവർണർ ആയിരിക്കുമ്പോൾ കൊലചെയ്യപ്പെട്ട ക്രിസ്തു എന്നയാളുടെ പേരിൽ ക്രൈസ്തവർ എന്ന് വിളിക്കപ്പെടുന്നവർ ആചാര അനുഷ്ഠാനങ്ങൾ നടത്തിയിരുന്നു''. Annales XV, 44

## മൂന്നാം ദിവസം

### ആക്ടിവിറ്റി 1

(ജൂബിലിയുടെ ലോഗോ പരിചയപ്പെടുക എന്നതിലുപരി ക്രൈസ്തവജീവിതം പ്രതിസന്ധികൾ ഉള്ളതാണെന്നും സഭയോടു ചേർന്ന് ഉറച്ച പ്രത്യാശയോടെ മുന്നേറിയാൽ രക്ഷ കരഗതമാക്കാൻ കഴിയും എന്നുള്ള ബോധ്യം കുട്ടികളിൽ ആഴപ്പെടുക എന്നതാണ് ഈ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്)

| | പ്രതീകങ്ങൾ | സൂചിപ്പിക്കുന്ന ആശയം |
|---|---|---|
| 1 | ഒരുമിച്ച് നീങ്ങുന്ന മനുഷ്യർ | ഭൂമിയുടെ നാലു കോണുകളിൽ നിന്നുമുള്ള മുഴുവൻ മാനവരാശിയെയും പ്രതിനിധീകരിക്കുന്നു. പരസ്പരം ആശ്ലേഷിക്കുന്ന ഈ രൂപങ്ങൾ ലോകജനത മുഴുവനും പരസ്പരം ഒന്നിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. |
| 2 | തിരമാല | നാലു മനുഷ്യരൂപങ്ങൾക്ക് താഴെയുള്ള ഇളകുന്ന തിരമാല ഭൂമിയിലെ ജീവിതയാത്ര ആത്മീയവും ഭൗതികവുമായ പോരാട്ടം നിറഞ്ഞതാണെന്നും അതിൽ നാം ആത്മവിശ്വാസത്തോടെ സഞ്ചരിക്കണം എന്നുമുള്ളതിന്റെ സൂചന. |
| 3 | കുരിശ് | രക്ഷയുടെ ചിഹ്നമായ കുരിശിനെ പ്രതിസന്ധികളിൽ പ്രത്യാശയോടെ ആശ്ലേഷിക്കുവാൻ കഴിയണം. |

| | | |
|---|---|---|
| 4 | കുരിശിനടിയിലെ നങ്കൂരം | ഈശോയിൽ ആശ്രയിച്ച് നീങ്ങുന്ന ജന സമൂഹത്തിന്റെ പ്രത്യാശയുടെ പ്രതീകം. തിരമാലകളിൽ ആടിയുലയുന്ന കപ്പ ലിനെ ഉറപ്പിച്ചു നിർത്താൻ നങ്കൂരം സഹാ യിക്കുന്നത് പോലെ പലവിധ സംഘർ ഷങ്ങളാൽ ആടിയുലയുന്ന മനുഷ്യ ജീവിതത്തിൽ ആകുന്ന നങ്കൂരം സഹാ യിക്കുന്നു. |
| 5 | പ്രമേയം പച്ചനിറത്തിൽ കൊടുത്തിരിക്കുന്നു | വളർച്ച, ഐക്യം, സ്ഥിരത, പുതുജീവൻ, പ്രത്യാശ, ശുഭാപ്തിവിശ്വാസം, ശാന്തത, എന്നിവയെയെല്ലാം സൂചിപ്പിക്കുന്ന ഭാ വാത്മകമായ (Positive) ചിന്തകൾ ഉണർ ത്തുന്ന നിറമാണ് പച്ച. |

**ആക്ടിവിറ്റി 2**

**പന്തക്കുസ്ത, സഭയുടെ ആരംഭം** (അപ്പ. പ്രവ. 2:14).

ഓരോ വർഷവും പന്തക്കുസ്താത്തിരുനാൾ നമുക്ക് എങ്ങനെ യാണ് അനുഭവപ്പെടുന്നത് ? പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുന്ന ശീലം നമുക്കുണ്ടോ ? എന്നിവ വിചിന്തനം ചെയ്യാൻ ഈ ആക്ടിവി റ്റിയിലൂടെ ശ്രമിക്കണം.

(കുറച്ചുസമയം നിശ്ശബ്ദമായിരുന്ന് പരിശുദ്ധാത്മാവിനോട് പ്രാർ ത്ഥിക്കുന്നതും, പരിശുദ്ധാത്മാവിന്റെ ഏതെങ്കിലും ഒരു ഗാനം അവസ രോചിതമായി ആലപിക്കുന്നതും ക്ലാസ്സിന് ഒരു ഉണർവ് ഉണ്ടാകാൻ ഉപകരിക്കും)

**ആക്ടിവിറ്റി 3**

കേവലം ചില ചിത്രങ്ങൾ പരിചയപ്പെടുത്തുക എന്നതിലുപരി സഭയുടെ ആരംഭം, പത്രോസ് ശ്ലീഹായുടെയും തോമാശ്ലീഹായുടെ യും വിശ്വാസ പ്രഖ്യാപനത്തിന്റെ പ്രാധാന്യം, ആദ്യനൂറ്റാണ്ടുകളിൽ ആരംഭിച്ച് ഇന്നും തുടരുന്ന ക്രൈസ്തവപീഡനം എന്നിവയും സഭ യുടെ വളർച്ചയും പ്രവർത്തനങ്ങളുമൊക്കെ കുട്ടികൾക്ക് മനസ്സിലാ ക്കി കൊടുക്കാനുള്ളതാണ് ഈ പ്രവർത്തനം.

**ചിത്രങ്ങൾ**

1. (മത്തായി 16 : 18-19, യോഹ. 21 : 15 -17)
   ഈശോ വി. പത്രോസിനെ സഭയുടെ തലവനാക്കുന്നു / താക്കോൽ കൈമാറുന്നു.

2. (അപ്പ. പ്രവ. 7: 54-60) വിശുദ്ധ സ്തേഫാനോസിന്റെ രക്തസാക്ഷിത്വം

സഭയിലെ ആദ്യത്തെ രക്തസാക്ഷിയാണ് വിശുദ്ധ എസ്തപ്പാനോസ്. വിശ്വാസികളുടെ പ്രത്യേക ആദരത്തിനു പാത്രമായിട്ടുള്ള വിശുദ്ധ എസ്തപ്പാനോസ് ഈശോയുടെ മരണത്തിന് രണ്ടു വർഷങ്ങൾക്കുശേഷം കല്ലെറിഞ്ഞു കൊല്ലപ്പെടുകയാണ് ഉണ്ടായത്. അപ്പസ്തോല പ്രവർത്തനങ്ങളിലെ സൂചനകൾ പ്രകാരം വിശുദ്ധനെ പിടികൂടിയതും അദ്ദേഹത്തിനെതിരായ ആരോപണമുന്നയിച്ചതും ഈശോയുടെ വിചാരണയോട് സമാനമായിരുന്നു. നഗരമതിലിനു പുറത്തുവച്ച് വിശുദ്ധനെ കല്ലെറിയുകയും, തന്റെ ഗുരുവിനേപ്പോലെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് വിശുദ്ധൻ മരണം വരിക്കുകയും ചെയ്തു. അപ്പസ്തോലന്മാരെ സഹായിക്കുവാനും, അവരുടെ സുവിശേഷ പ്രവർത്തനങ്ങൾ ലഘൂകരിക്കുവാനും വേണ്ടി മുന്നിട്ടിറങ്ങിയ ഏഴ് ഡീക്കന്മാരിൽ ഒരാളാണ് വിശുദ്ധ എസ്തപ്പാനോസ്. അപ്പസ്തോലിക തീക്ഷണതയാലും, ദൈവീകവരങ്ങളാലും അനുഗ്രഹിക്കപ്പെട്ടിരുന്നു.

3. (അപ്പ. പ്രവ 9 : 19)
   പൗലോസിന്റെ മാനസാന്തരം

4. (യോഹ. 20 : 24-29)
   തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം

സഭാവളർച്ചയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് അറിയാവുന്ന കാര്യങ്ങൾ പങ്കുവയ്ക്കാൻ അവസരം കൊടുക്കുക. വിശദീകരണം ആവശ്യമെങ്കിൽ താഴെ കൊടുത്തിരിക്കുന്ന പോയിന്റുകൾ സഹായകമാകും.

**നൂറ്റാണ്ടുകളിലൂടെയുള്ള സഭയുടെ വളർച്ച**

**I. അപ്പസ്തോലന്മാരുടെ കാലം -** തങ്ങൾ കണ്ണുകൊണ്ട് കണ്ടതും കൈകൾകൊണ്ട് സ്പർശിച്ചറിഞ്ഞതുമായ വചനത്തെയാണ് അപ്പോസ്തോലന്മാർ പകർന്നുകൊടുത്തത്.

## വി. പത്രോസും വി. പൗലോസും

ഏറ്റവും തീഷ്ണതയോടെ വചനത്തിന് സാക്ഷ്യം വഹിച്ചവർ. ഏ. ഡി. 64-ൽ റോമിൽവച്ച് നീറോ ചക്രവർത്തിയുടെ സഭാപീഡനത്തിനിടെ ഇരുവരും രക്തസാക്ഷികളായി. പൗലോസിനെ ശിരച്ഛേദം ചെയ്തു. തന്റെ കർത്താവിനെപ്പോലെ മരിക്കാൻ യോഗ്യനല്ലെന്ന് തോന്നിയതിനാൽ പത്രോസിന്റെ അഭ്യർത്ഥനപ്രകാരം അദ്ദേഹത്തെ തലകീഴായി കുരിശിൽ തൂക്കിക്കൊന്നു.

## വി. അന്ത്രയോസ്

ഇപ്പോൾ സോവിയറ്റ് യൂണിയൻ എന്നറിയപ്പെടുന്ന 'നരഭോജികളുടെ നാട്ടിലേക്ക്' അദ്ദേഹം പോയി. അവിടത്തെ ക്രിസ്ത്യാനികൾ അദ്ദേഹത്തെ അവരുടെ സഭയുടെ പിതാവായി കരുതുന്നു.  ഏഷ്യാമൈനർ, ആധുനിക തുർക്കി, ഗ്രീസ് എന്നിവിടങ്ങളിലും അദ്ദേഹം പ്രസംഗിച്ചു, അവിടെ അദ്ദേഹം ക്രൂശിക്കപ്പെട്ടതായി കരുതപ്പെടുന്നു.

## വി. തോമസ്

സിറിയയുടെ കിഴക്കൻ പ്രദേശത്തും  പുരാതന മാർത്തോമ്മാ ക്രിസ്ത്യാനികൾ അദ്ദേഹത്തെ തങ്ങളുടെ സ്ഥാപകനായി ബഹുമാനിക്കുന്നു. ഇന്ത്യയിലും അദ്ദേഹമാണ് വചനത്തെ കാണിച്ചുതന്നത് എന്നാണ് പാരമ്പര്യം. മൈലാപ്പൂരിൽ വച്ച് അദ്ദേഹം രക്തസാക്ഷിയായി.

## വി. ഫിലിപ്പ്

വടക്കേ ആഫ്രിക്കയിലെയും ഏഷ്യാമൈനറിലെയും കാർത്തേജിൽ അദ്ദേഹം ശുശ്രൂഷ നിർവഹിച്ചു. ഒരു റോമൻ പ്രോകൺസലിന്റെ ഭാര്യയെ മതം മാറ്റിയതിന്റെ പ്രതികാരമായി, പ്രോകൺസൽ ഫിലിപ്പിനെ അറസ്റ്റ് ചെയ്ത് ക്രൂരമായി വധിച്ചു.

## വി. മത്തായി

അദ്ദേഹം നികുതി പിരിവുകാരനും പേർഷ്യയിലും എത്യോപ്യയിലും ശുശ്രൂഷചെയ്ത മത്തായി ഒരു സുവിശേഷത്തിന്റെ രചയിതാവുമായിരുന്നു.  എത്യോപ്യയിൽ വച്ച് രക്തസാക്ഷിയായി.

## വി. ബർത്തലോമിയോ

പാരമ്പര്യമനുസരിച്ച്, വി. തോമസിനൊപ്പം ഇന്ത്യയിലേക്കും അർമേനിയ, എത്യോപ്യ, തെക്കൻ അറേബ്യ എന്നിവിടങ്ങളിലേക്കും അദ്ദേഹം മിഷനറി യാത്രകൾ നടത്തിയിരുന്നു. സുവിശേഷത്തിനു വേണ്ടി രക്തസാക്ഷിയായി മരിച്ചു.

**വി. യാക്കോബ്**

അദ്ദേഹം സിറിയയിൽ ശുശ്രൂഷ ചെയ്തതായി കണക്കാക്കപ്പെടുന്നു. യഹൂദ ചരിത്രകാരനായ ജോസീഫസ് അദ്ദേഹത്തെ കല്ലെറിഞ്ഞ് കൊന്നതായി റിപ്പോർട്ട് ചെയ്തു.

**സൈമൺ - തീക്ഷ്ണതയുള്ളയാൾ**

കഥ പറയുന്നതുപോലെ, അദ്ദേഹം പേർഷ്യയിൽ ശുശ്രൂഷിക്കുകയും സൂര്യദേവൻ ബലിയർപ്പിക്കാൻ വിസമ്മതിച്ചതിനെത്തുടർന്ന് കൊല്ലപ്പെടുകയും ചെയ്തു.

**വി. യൂദാ തദേവൂസ്**

ഈശോയുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളായ വി. യൂദാ തദേവൂസ് ''ഈശോയുടെ സഹോദരൻ'' എന്നാണ് വേദപുസ്തകം വി. യൂദാതദേവൂസിനെക്കുറിച്ച് പ്രസ്താവിക്കുന്നത് (മത്താ. 13, 55). കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ഏദേസ, സിറിയ, പേർഷ്യ മുതലായ രാജ്യങ്ങളിൽ ഈ വിശുദ്ധൻ തീക്ഷ്ണതയോടെ സുവിശേഷം പ്രസംഗിക്കുകയും അനേകരെ സത്യവിശ്വാസത്തിലേക്ക് ആനയിക്കുകയും ചെയ്തു. അവസാനം പേർഷ്യയിൽ വച്ച് ശത്രുക്കൾ വിശുദ്ധനെ ഗദകൊണ്ട് അടിച്ച് അവശനാക്കിയശേഷം കഴുത്തുവെട്ടി കൊല്ലുകയാണുണ്ടായത്. അങ്ങനെ അദ്ദേഹം ഈശോയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ചു.

**വി. മത്തിയാസ്**

യൂദാസിന് പകരക്കാരനായി തിരഞ്ഞെടുക്കപ്പെട്ട അപ്പോസ്തലനായിരുന്നു മത്തിയാസ്. അദ്ദേഹം വി. അന്ത്രയോസിനോടോപ്പം സിറിയയിലേക്ക് പോവുകയും അവിടെവച്ച് രക്തസാക്ഷിയാവുകയും ചെയ്തു.

**വി. യോഹന്നാൻ**

എഫെസോസ് പ്രദേശത്തെ സഭാ നേതാവായിരുന്നു അദ്ദേഹം. യേശുവിന്റെ അമ്മയായ മറിയത്തെ വീട്ടിൽ പരിപാലിച്ചു. 90-കളുടെ മധ്യത്തിൽ ഡൊമിഷ്യന്റെ പീഡനകാലത്ത്, അദ്ദേഹത്തെ പത്മോസ് ദ്വീപിലേക്ക് നാടുകടത്തി. അവിടെ വെച്ചാണ് പുതിയ നിയമത്തിലെ അവസാന പുസ്തകമായ വെളിപാട് എഴുതിയത്. റോമിൽ തിളച്ച എണ്ണയിൽ എറിയപ്പെട്ടതിനു ശേഷം അദ്ദേഹം പരിക്കേൽക്കാതെ രക്ഷപ്പെട്ടതായി ഒരു പാരമ്പര്യമുണ്ട്.

## II. സഭാപീഡനം - രക്തസാക്ഷിത്വം

(നീറോ, ഡൊമീഷ്യൻ, ട്രാജൻ, ഡയോക്ളീഷൻ ചക്രവർത്തിമാർ)

**1. നീറോ** (ഏ. ഡി. 54-68)

ക്രിസ്തുമത പീഡനപരിപാടി ഔപചാരികമായി ഉദ്ഘാടനം ചെയ്തത് നീറോയുടെ കാലത്താണ്. ഏ. ഡി. 64- ൽ റോമാനഗരത്തിലുണ്ടായ തീപിടുത്തത്തിന് കാരണം ക്രൈസ്തവരിൽ ആരോപിക്കുകയും നിരവധി ക്രൈസ്തവരെ അറസ്റ്റു ചെയ്യുകയും ചെയ്തു. മൃഗങ്ങളുടെ തോൽ ധരിപ്പിച്ചു ക്രൈസ്തവരെ വന്യമൃഗങ്ങൾക്ക് ഇട്ടുകൊടുക്കുകയും, ചില ക്രൈസ്തവരെ നീറോയുടെ ഉദ്യാനത്തിലെ പന്തങ്ങളാക്കുകയും ചെയ്തു. അമ്പുകളെയ്തും കുരിശിൽ തൂക്കിയും തോലുരുഞ്ഞും സിംഹത്തിന് ഇരയാക്കിയും തിളക്കുന്ന എണ്ണയിലിട്ടും ക്രൈസ്തവ വിശ്വാസികളെ കൊന്നു. ആരും ക്രൈസ്ത വരായിരിക്കാൻ പാടില്ല എന്ന പ്രമാണം നീറോ കൊണ്ടുവന്നു. വിശുദ്ധ പത്രോസും വി. പൗലോസും ഏ. ഡി. 64-നും 65-നും ഇടയ്ക്ക് രക്തസാക്ഷികളായി. അനേകം ക്രൈസ്തവർ ക്രിസ്തുവിശ്വാസത്തെ ഉറക്കെ പ്രഘോഷിച്ചു കൊണ്ട് മരണത്തെ ആശ്ലേഷിക്കുകയുണ്ടായി.

**2. ഡൊമീഷ്യൻ** (ഏ.ഡി 81-96)

ദൈവത്തോട് വെറുപ്പും ശത്രുതയും പുലർത്തുന്ന കാര്യത്തിൽ നീറോയുടെ പിൻഗാമിയായിരുന്നു ഡൊമീഷ്യൻ (ഏ.ഡി.163) ക്രൈസ്തവരായിരുന്ന പല ഉയർന്ന ഉദ്യോഗസ്ഥന്മാരേയും വധിച്ചു. വി. യോഹന്നാനെ തിളച്ച എണ്ണയിൽ മുക്കി പീഡിപ്പിച്ചെന്നും പാത്മോസ് ദ്വീപിലേക്ക് നാടുകടത്തിയെന്നും പറയപ്പെടുന്നു. ഡൊമീഷ്യന്റെ കുടുംബക്കാരനായ ക്ലെമൻസും അദ്ദേഹത്തിന്റെ ഭാര്യ ഡൊമ്റ്റില്ലയും വധിക്കപ്പെട്ടവരിൽപ്പെടുന്നു.

**3. ട്രാജൻ** (ഏ.ഡി. 98-117)

വിഖ്യാതനായ മൂന്നാമത്തെ മതപീഡനചക്രവർത്തിയാണ് ട്രാജൻ. ക്രൈസ്തവരുടെ ആരാധനാസമ്മേളനങ്ങൾ തെറ്റിദ്ധരിക്കുകയും, സമ്മേളനങ്ങൾ നിരോധിക്കുകയും രാജാവിന്റെ ആജ്ഞ ലംഘിച്ചവരെ വധിക്കുകയും ചെയ്തു. (അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്, വി. ക്ലമന്റ് എന്നിവർ) ഇക്കാലത്ത് രക്തസാക്ഷികളായവരാണ്.

**4. ഡയോക്ലീഷൻ** (284-305)

ഇതിനുമുമ്പ് പീഡനം നടത്തിയ എല്ലാ ചക്രവർത്തിമാരേക്കാളും സംഹാരാത്മകത ഒത്തു ചേർന്നതായിരുന്നു ഡയോക്ലീഷന്റേത്. അദ്ദേഹത്തിന് ആദ്യകാലത്ത് സഭയോട് വിരോധമൊന്നുമില്ലായിരുന്നു. എന്നാൽ തന്റെ ഭാര്യ പ്രിസ്കയും മകൾ വലേറിയായും ഉൾപ്പെടെ അനേകർ ക്രൈസ്തവ വിശ്വാസികളായതോടെ മതപീഡനം ആരംഭിച്ചു.

ദൈവാലയങ്ങൾ തകർക്കുകയും വിശുദ്ധ ഗ്രന്ഥങ്ങൾ ചുട്ടെരിക്കുകയും ചെയ്തു. സ്വന്തം ഭാര്യയെയും മകളെയും മെത്രാന്മാരെയും അനേകം വൈദികരെയും വധിച്ചു. കമ്പി പഴുപ്പിച്ചു കണ്ണുതുരന്നു കളയുക, ഓരോ കാലു മുറിച്ചു കളയുക തുടങ്ങിയ ക്രൂര പീഡനങ്ങളാണ് നൽകിയിരുന്നത്. ക്രൈസ്തവപട്ടണമായിരുന്ന ഫ്രീജിയ അതിലെ ജനങ്ങളോടൊപ്പം അഗ്നിരയാക്കി. വി. ആഗ്നസ്, വി. സെബാസ്റ്റ്യൻ, വി. ഫെലിക്സ്, വി. മാർസെല്ലി നസ്പാപ്പ തുടങ്ങിയവരെല്ലാം ഡയോക്ലീഷന്റെ കാലത്ത് വീരോചിതമായി രക്തസാക്ഷികളായവരാണ്.

**കോൺസ്റ്റന്റൈൻ** (306-337)

മൂന്നു നൂറ്റാണ്ടു നീണ്ടുനിന്ന ക്രൂരവും നിന്ദ്യവുമായ മതമർദ്ദനം അവസാനിപ്പിച്ചതും സഭയ്ക്ക് മതസ്വാതന്ത്ര്യം നൽകിയതും കോൺസ്റ്റന്റൈൻ ചക്രവർത്തിയാണ്. 313 - ലെ മിലാൻ വിളംബരത്തിലൂടെ ക്രൈസ്തവസഭയ്ക്ക് മതസ്വാതന്ത്ര്യം അനുവദിച്ചു. കുരിശുചിഹ്നം ഉപയോഗിച്ച് യുദ്ധം ചെയ്യാൻ പ്രേരണ ലഭിക്കുകയും അങ്ങനെ യുദ്ധത്തിൽ വിജയിക്കുകയും ആണ് ഉണ്ടായത്. ക്രൈസ്തവരുടെ ശത്രുക്കളെ നശിപ്പിക്കുകയും ക്രൈസ്തവ ആരാധനയെ പ്രോത്സാഹിപ്പിക്കുകയും ഞായറാഴ്ച പൊതു അവധിയാക്കുകയും ചെയ്തു.

**III.** രക്തസാക്ഷികളുടെ ചുടുനിണം വീണു കുതിർന്ന മണ്ണിൽ വളർന്ന സഭ.

**IV.** ഇന്നും ലോകത്തിന്റെ വിവിധ ഇടങ്ങളിൽ പീഡനം ഏൽക്കുന്ന സഭാമക്കൾ

**V.** തോമാശ്ലീഹായുടെ പ്രവർത്തനവും ഭാരതസഭയുടെ വളർച്ചയും.

**ആക്ടിവിറ്റി 4**

(കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ആദിമസഭയിൽ വിശ്വാസികളുടെ ജീവിതം, പ്രാർത്ഥന, കൂട്ടായ്മ, വചനപ്രഘോഷണം, അപ്പം മുറിക്കൽ എന്നിവ റോൾ പ്ലേയായി അവതരിപ്പിക്കാൻ നിർദ്ദേശി

ക്കുന്നത് നല്ലതാണ്. ഇപ്പോഴത്തെ സഭാജീവിതവും ഇപ്രകാരം അവതരിപ്പിച്ചാൽ കുട്ടികൾക്ക് താരതമ്യം ചെയ്ത് എഴുതാൻ എളുപ്പമാകും).

നടപടിപുസ്തകത്തിലെ സൂചനകളുടെ വെളിച്ചത്തിൽ കൊടുത്തിരിക്കുന്ന ഈ 8 പോയിന്റുകളിൽ നിന്നും ആദിമസഭാസമൂഹത്തിന്റെ ജീവിതശൈലി വ്യക്തമാകുന്നുണ്ട്. സ്വന്തം വിശ്വാസ / സഭാജീവിതത്തെ വിലയിരുത്തുവാനും പോരായ്മകൾ കണ്ടെത്തി പരിഹരിക്കുവാനുമുള്ള അവസരം ലഭിക്കത്തക്ക വിധത്തിൽ ഈ ആക്ടിവിറ്റി കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കാവുന്നതാണ്.

1. സഭാസമൂഹത്തോട് / ഇടവകസമൂഹത്തോട് എപ്പോഴും ചേർന്നുനിൽക്കാൻ കഴിയുന്നില്ല.
2. എനിക്കുള്ളവ എന്റേത് മാത്രമാണെന്ന സ്വാർത്ഥചിന്ത.
3. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ അവരെ പലപ്പോഴും കണ്ടില്ല എന്ന് നടിക്കാനുള്ള പ്രവണത.
4. എന്റെ ഇടവക ദൈവാലയത്തിൽ നടക്കുന്ന ഭക്താനുഷ്ഠാനങ്ങളിൽ പങ്കുചേരുന്നതിലെ പോരായ്മ. (ചർച്ച ചെയ്ത് എഴുതാവുന്നതാണ്)
5. കുടുംബകൂട്ടായ്മകളിലെ എന്റെ പങ്കാളിത്തം.
6. ഉള്ളതിൽ സംതൃപ്തിയുള്ള മനോഭാവം.
7. ദൈവത്തോടും മനുഷ്യരോടും നന്ദിയുള്ള ജീവിതം (ഉണ്ട് / ഇല്ല / വല്ലപ്പോഴും)
8. മറ്റുള്ളവർക്ക് മാതൃകയാക്കാവുന്ന ജീവിതശൈലി.

(ഇങ്ങനെ എഴുതാനല്ല, ഒരു മാതൃക മാത്രമാണിത്. 'ഇല്ല' എന്നെഴുതി ആക്ടിവിറ്റി പൂർത്തിയാക്കാനല്ല, സഭയുടെ പുത്രൻ / പുത്രി എന്ന നിലയിൽ എന്റെ കടമ കണ്ടെത്തി നിർവഹിക്കാനുള്ള പ്രേരണ കുട്ടികൾക്ക് ലഭിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പ്രവർത്തനം.

**ആക്ടിവിറ്റി 5**

സകല സൗഭാഗ്യവും മുടിചൂടി നിൽക്കുന്ന സഭയിലാണെന്റെ വാസം (2)

സഭയിൽ വസിക്കുന്നതിന്റെ സൗഭാഗ്യങ്ങൾ വിവരിക്കുന്ന ഈ പാട്ട് (രചന : ഫാ. ഷാജി തുമ്പേച്ചിറ) യുട്യൂബിൽ കുട്ടികളെ കേൾപ്പിച്ചു പഠിപ്പിക്കുന്നതും അർത്ഥം മനസ്സിലാക്കി ഒരുമിച്ചു പാടിക്കുന്നതും നല്ലതാണ്.

## നാലാം ദിവസം

### ആക്ടിവിറ്റി 1

സഭാമക്കളുടെ ആത്മീയ ജീവിതവുമായി ബന്ധപ്പെടുന്നതും സഭ പഠിപ്പിക്കുന്നതുമായ ചില വിശ്വാസബോധ്യങ്ങളാണ് വിശ്വാസ നിക്ഷേപപ്പെട്ടിയിൽ കൊടുത്തിരിക്കുന്നത്. ബൈബിളിൽ പറയുന്നവ, അല്ലാത്തവ എന്നിങ്ങനെ ഇവയെ തരം തിരിച്ച് കണ്ടെത്തി എഴുതാൻ ആവശ്യപ്പെടുക.

| ബൈബിളിൽ പറയുന്നവ | അല്ലാത്തവ |
|---|---|
| കാനായിലെ കല്യാണം | മാതാവിന്റെ സ്വർഗ്ഗാരോപണം |
| ധൂർത്തപുത്രന്റെ ഉപമ | കൂദാശകൾ |
| ഈശോയുടെ ജനനം | യാമപ്രാർത്ഥനകൾ |
| അന്ധനു കാഴ്ച | മദ്ധ്യസ്ഥ പ്രാർത്ഥനകൾ |
| ഈശോയുടെ മരണം | വിശുദ്ധരുടെ തിരുനാളുകൾ |
| ഗിരിപ്രഭാഷണം | മറിയത്തിന്റെ അമലോത്ഭവം |

ആദിമ ക്രൈസ്തവ സമൂഹത്തിന് തുടക്കത്തിൽ ലിഖിത മായ ഒരു വിശുദ്ധ ഗ്രന്ഥമില്ലായിരുന്നു. എന്നാൽ വിശുദ്ധ ബൈബി ളിലെ പുതിയ നിയമഗ്രന്ഥങ്ങൾ എഴുതപ്പെടുന്നതിനു മുമ്പേ വിശ്വാ സസത്യങ്ങളെ കുറിച്ചുള്ള ഒരു വാചിക പാരമ്പര്യം അവരുടെ ഇട യിൽ ഉണ്ടായിരുന്നു. അവ ഇന്നും സഭയിൽ നിലനില്ക്കുന്നു. എന്നും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക.

### ആക്ടിവിറ്റി 2

#### ഈശോയിലൂടെ

ആദിമസഭാസമൂഹത്തിനു ലഭിച്ച ദൈവിക വെളിപ്പാടിന്റെ ലിഖിതരൂപത്തിലുള്ള പ്രകാശനമാണ് ബൈബിൾ. എന്നാൽ തങ്ങൾക്കു ലഭിച്ചതെല്ലാം എഴുതപ്പെട്ടിട്ടില്ല എന്നു സുവിശേഷ കൻമാർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് വചനഭാഗം നോക്കി രേഖപ്പെടുത്താൻ ആവശ്യപ്പെടുക. ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും ഈശോ ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു. (യോഹ. 20 : 30) ഈശോ ചെയ്ത മറ്റു പല കാര്യ

ങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ, ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനുതന്നെ സാധിക്കാതെവരുമെന്നാണ് എനിക്കു തോന്നുന്നത്. (യോഹ. 21 : 25). ഇനിയും വളരെ കാര്യങ്ങൾ നിങ്ങളോടുപറയാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. സത്യാത്മാവുവരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും (യോഹ. 16, 12).

**ആക്ടിവിറ്റി 3**

**1 തിമോത്തയോസ് 3:15**

ഇപ്പോൾ ഇത് എഴുതുന്നതാകട്ടെ... ജീവിക്കുന്ന ദൈവത്തിന്റെ സഭയും സത്യത്തിന്റെ തൂണും കോട്ടയുമായ ദൈവഭവനത്തിൽ ഒരുവൻ പെരുമാറേണ്ടതെങ്ങനെയെന്നു നിന്റെ അറിവിനായി നിർദേശിക്കാനാണ്. (1 തിമോത്തിയോസ് 3:15)

സത്യവചനത്തിന്റെ തൂണും കോട്ടയുമായ ജീവിക്കുന്ന ദൈവത്തിന്റെ ഭവനമാണ് സഭ. ഈ സത്യവചനത്തിന്റെ തൂണിനെ താങ്ങി നിർത്തിയിരിക്കുന്ന രണ്ട് അടിസ്ഥാനങ്ങളെക്കുറിച്ച് ബൈബിളിൽ തന്നെ പറയുന്നുണ്ട്.

**2 തിമോത്തേയോസ് 3 : 16-17**

വിശുദ്ധലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. (വി. ലിഖിതം)

**2 തെസലോനിക്കാ 2:15**

'അതിനാൽ, സഹോദരരേ, ഞങ്ങൾ വചനം മുഖേനയോ കത്തുമുഖേനയോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുകയും അവയിൽ ഉറച്ചുനിൽക്കുകയും ചെയ്യുവിൻ'. (വി. പാരമ്പര്യം)

ആക്ടിവിറ്റി മൂന്നിൽ കൊടുത്തിരിക്കുന്ന ചിത്രത്തിന്റെ ആശയം കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുക.

ദൈവികവെളിപാടിന്റെ പൂർണ്ണത വചനമായ ഈശോമിശിഹാ ആണ്. ദൈവത്തിന്റെ രക്ഷാകര പദ്ധതി പൂർണ്ണമാകുന്നതു ഈശോമിശിഹായിലൂടെ ആണ്. വി. പാരമ്പര്യവും വി. ലിഖിതങ്ങളും സഭയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവിക വചനത്തിന്റെ ഏകകലവറയാണ്. (രണ്ടാംവത്തിക്കാൻ കൗൺസിൽ, ദൈവാവിഷ്കരണം 10) പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ട വചനമാണ് വി. ബൈബിൾ.

അപ്പസ്തോലന്മാരാൽ കൈമാറ്റപ്പെട്ടതും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരിലൂടെ സഭയിൽ ഇന്നും കൈമാറി വരുന്നതുമായ എഴുതപ്പെടാത്ത വചനമാണ് വി. പാരമ്പര്യങ്ങൾ. ഇവ രണ്ടിന്റേയും ധർമ്മവും ഉള്ളടക്കവും ലക്ഷ്യവും ഒന്നു തന്നെയാണ്.

1. രണ്ടിന്റെയും ധർമ്മം ദൈവികവെളിപാടിന്റെ കൈമാറലാണ്.
2. രണ്ടിന്റെയും ഉള്ളടക്കം ദൈവികവെളിപാട് ആണ്.
3. രണ്ടിന്റെയും ലക്ഷ്യം ദൈവികരഹസ്യങ്ങളെ വെളിപ്പെടുത്തുക എന്നതാണ്.

വിശുദ്ധലിഖിതത്തോടൊപ്പം വിശുദ്ധപാരമ്പര്യങ്ങളും ദൈവവചനമായി കണ്ട് അവ ശേഖരിച്ചു സൂക്ഷിച്ചതും പിൻതലമുറകൾക്കു കൈമാറിയതും സഭയാണ്. ഇപ്രകാരം സത്യവചനത്തിന്റെ പൂർണ്ണതയിലേക്കു സഭയെ കൈപിടിച്ചു നടത്തുന്നത് പരിശുദ്ധാത്മാവാണ്.

**ആക്ടിവിറ്റി 4**

**എഫേ. 2: 20–22, 1 കൊറി 11:2**

എന്നീ ബൈബിൾ ഭാഗങ്ങൾ ക്ലാസ്സിൽ വായിക്കാൻ ആവശ്യപ്പെടുക. ഇതിനെ അടിസ്ഥാനമാക്കി സഭയുടെ പ്രബോധനാധികാരവും വി. പാരമ്പര്യവും തമ്മിലുള്ള ബന്ധം എന്തെന്ന് കുട്ടികൾക്ക് വിശദമാക്കി കൊടുക്കുക.

സഭയുടെ മൂലക്കല്ല് മിശിഹായാണ്. സഭ അപ്പസ്തോലൻമാരും പ്രവാചകൻമാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടതാണ്. ഈശോയുടെ പ്രബോധനങ്ങളിൽ നിന്നും മാതൃകകളിൽ നിന്നും ശ്ലീഹന്മാർ സ്വീകരിച്ചതും ശ്ലീഹന്മാരിലൂടെ കൈമാറ്റം ചെയ്യപ്പെട്ടതും പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നതും ആദിമസഭ സ്വീകരിച്ച് പങ്കുവച്ചതുമായ വചനങ്ങൾ ആണ് വി. പാരമ്പര്യങ്ങൾ.

ശ്ലൈഹിക പാരമ്പര്യങ്ങൾ എല്ലാം സഭാത്മകമാണ്. സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിലൂടെ, മാർപ്പാപ്പാമാരുടെ വിശ്വാസ സത്യപ്രഖ്യാപനങ്ങളിലൂടെ, മെത്രാന്മാരുടെ പ്രബോധനാധികാരത്തിലൂടെ സഭയിൽ വി. പാരമ്പര്യങ്ങൾ അഭംഗുരം കാത്തുസൂക്ഷിക്കപ്പെടുകയും തലമുറകളിലൂടെ കൈമാറി വരികയും ചെയ്യുന്നു. ദൈവജനത്തിന്റെ ജീവിതം വിശുദ്ധമായി നിലനില്ക്കുന്നതിന് ആവശ്യമായതെല്ലാം വി. ലിഖിതത്തിലും വി. പാരമ്പര്യത്തിലും ഉണ്ട്. അങ്ങനെ പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി സഭ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് സഭ പഠിപ്പിക്കുന്ന വി. പാരമ്പര്യങ്ങൾ വി. ബൈബിളിൽ ഇല്ല എന്ന പേരിൽ നിക്ഷേധിക്കുന്നത് ശരിയല്ല.

**ആക്ടിവിറ്റി 5**

സഭ കൈമാറി വന്ന ശ്ലൈഹിക പാരമ്പര്യങ്ങളാണ് പരിശുദ്ധ കൂദാശകളും ആരാധനാക്രമങ്ങളും.

ഇവ എല്ലാം സഭാ മക്കളുടെ ജീവിതവുമായി ബന്ധപ്പെട്ടു നില്ക്കുന്ന വി. പാരമ്പര്യങ്ങൾ ആണ്.

## അഞ്ചാം ദിവസം

**ആക്ടിവിറ്റി 1**

ഈശോയുടെ സുവിശേഷം ലോകത്തിന്റെ അതിർത്തികൾ വരെ പ്രഘോഷിക്കപ്പെട്ടു. എല്ലാ നാടുകളിലും ഈശോയുടെ സുവിശേഷമെത്തി. വിവിധ ഭാഷകളിൽ സുവിശേഷം പ്രഘോഷിക്കപ്പെട്ടു. വിശ്വാസികൾക്ക് സ്വന്തം ഭാഷയിൽ വചനം ലഭ്യമാകേണ്ടത് ആവശ്യമായിവന്നു. അങ്ങനെ ബൈബിൾ വിവിധ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടു.

ബൈബിൾ ദൈവാലയങ്ങളിൽ മാത്രമാണുണ്ടായിരുന്നത്. വൈദികനും ദേവാലയശുശ്രൂഷികളും മാത്രമാണ് ബൈബിൾ വായിച്ചിരുന്നത്. വീടുകളിൽ ബൈബിൾ ലഭ്യമായിരുന്നില്ല. ദൈവാലയങ്ങളിൽ ഒരു പൂജ്യവസ്തുവായി ബൈബിൾ സൂക്ഷിച്ചിരുന്നു.

1841-42 ൽ കോട്ടയം സി. എം. എസ് പ്രസ്സിൽനിന്ന് വി. ഗ്രന്ഥത്തിന്റെ സമ്പൂർണ്ണ വിവർത്തനം മലയാളത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ചു. 1889 ൽ മലബാറിലെ ഭാഷാരീതിയെ അടിസ്ഥാനമാക്കി ഹെർമൻ ഗുണ്ടർട്ട് തയ്യാറാക്കിയ വിവർത്തനം പ്രകാശിതമായി.

I. നി.മൂ.സ മാണിക്കത്തനാർ സുറിയാനിയിൽനിന്ന് വിവർത്തനം ചെയ്ത് 1935 ൽ പ്രസിദ്ധീകരിച്ച പുതിയനിയമം കത്തോലിക്കരുടെയിടയിൽ ഏറെ പ്രചാരം സിദ്ധിച്ചു. 1968 ൽ ഫാ. തോമസ് മൂത്തേടൻ വുൾഗാത്തയും പ്ശീത്തയും ആധാരമാക്കി ബൈബിളിന്റെ സമ്പൂർണ്ണ വിവർത്തനം പ്രസിദ്ധീകരിച്ചു. 1978 ൽ മാന്നാനത്തുനിന്ന് കർമ്മലീത്താസഭയുടെയും 1980 ൽ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെയും നേതൃത്വത്തിൽ ബൈബിൾ വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്തി. 1981 ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പ്രസിദ്ധീകരിച്ച സമ്പൂർണ്ണ ബൈബിളിന്റെ മലയാളവിവർത്തനമാണ് ഇന്ന് കേരള സഭയിൽ പ്രചാരത്തിലുള്ളത്.

**ആക്ടിവിറ്റി 2**

**1 യോഹന്നാൻ 1 : 1 –** ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു.

**2 പത്രോസ് 1 : 20–21 –** ആദ്യം നിങ്ങൾ ഇതു മനസ്സിലാക്കുവിൻ: വിശുദ്ധലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും തന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊണ്ടെന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മാനുഷിക ചോദനയാൽ രൂപം കൊണ്ടതല്ല; പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്.

**2 തിമോത്തേയോസ് 3 : 16 –** വിശുദ്ധലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു.

**ബൈബിൾ ദൈവനിവേശിതം**

1. വിശുദ്ധ ഗ്രന്ഥപുസ്തകങ്ങളുടെ രചനയിൽ പരിശുദ്ധാത്മാവിന്റെ വ്യക്തമായ പ്രചോദനം രചയിതാക്കൾക്ക് ലഭിച്ചിട്ടുണ്ട്.
2. ദൈവാത്മാവിന്റെ പ്രചോദനത്താൽ എഴുതപ്പെട്ടതിനാൽ ദൈവം ആഗ്രഹിച്ചവ മാത്രമേ വിശുദ്ധ ഗ്രന്ഥത്തിലുള്ളൂ.
3. ദൈവികമായ വിഷയങ്ങളിലെ പ്രബോധനങ്ങളിൽ വിശുദ്ധ ഗ്രന്ഥത്തിന് തെറ്റ് പറ്റുകയില്ല.
4. വിശുദ്ധ ഗ്രന്ഥരചയിതാക്കളുടെ തനതുഭാഷാശൈലിയും ദൈവശാസ്ത്രദർശനങ്ങളും അവരുടെ രചനകളിൽ പ്രതിഫലിക്കുന്നു.

**ആക്ടിവിറ്റി 3**

**ചരിത്രഗ്രന്ഥങ്ങൾ**

ഉൽപ്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം, ജോഷ്വാ, ന്യായാധിപന്മാർ, റൂത്ത്, 1 സാമുവൽ, 2 സാമുവൽ, 1 രാജാക്കന്മാർ, 2 രാജാക്കന്മാർ, 1 ദിനവൃത്താന്തം, 2 ദിനവൃത്താന്തം, എസ്രാ, നെഹമിയ, തോബിത്, യൂദിത്ത്, എസ്തേർ, 1 മക്കബായർ, 2 മക്കബായർ.

**പ്രബോധനഗ്രന്ഥങ്ങൾ**

ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ

**പ്രവാചകഗ്രന്ഥങ്ങൾ**

ഏശയ്യാ, ജറമിയാ, എസക്കിയേൽ, ദാനിയേൽ, വിലാപങ്ങൾ, ബാറൂക്ക്, ഹോസിയ, ജോയൽ, ആമോസ്, ഒബാദിയ, യോനാ, മിക്കാ, നാഹൂം, ഹബക്കുക്ക്, സെഫാനിയ, ഹഗ്ഗായി, സഖറിയാ, മലാക്കി.

**സുവിശേഷങ്ങൾ**

മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ

**പൗലോസ്ശ്ലീഹായുടെ ലേഖനങ്ങൾ**

റോമ, 1 കോറിന്തോസ്, 2 കോറിന്തോസ്, ഗലാത്തിയ, എഫേസോസ്, ഫിലിപ്പി, കൊളോസോസ്, 1 തെസലോനിക്ക, 2 തെസലോനിക്ക, 1 തിമോത്തിയോസ്, 2 തിമോത്തിയോസ്, തീത്തോസ്, ഫിലെമോൻ.

**സാർവ്വത്രികലേഖനങ്ങൾ**

യാക്കോബ്, 1 പത്രോസ്, 2 പത്രോസ്, 1 യോഹന്നാൻ, 2 യോഹന്നാൻ, 3 യോഹന്നാൻ, യൂദാസ്.

**ശേഷിക്കുന്ന ഗ്രന്ഥങ്ങൾ**

അപ്പസ്തോലപ്രവർത്തനങ്ങൾ, ഹെബ്രായർ, വെളിപാട്.

**ഗെയിം**

ഓരോ ഗ്രൂപ്പിനും ചരിത്രഗ്രന്ഥങ്ങൾ, പ്രബോധനഗ്രന്ഥങ്ങൾ, പ്രവാചകഗ്രന്ഥങ്ങൾ, സുവിശേഷങ്ങൾ, പൗലോസ്ശ്ലീഹായുടെ ലേഖനങ്ങൾ, സാർവ്വത്രികലേഖനങ്ങൾ എന്നെഴുതിയ ഓരോ കവറുകളും (6 കവറുകൾ) 70 പുസ്തകങ്ങളുടെ പേരെഴുതിയ 70 സ്ലിപ്പുകളും നൽകുക. സ്ലിപ്പുകൾ ശരിയായ കവറുകളിൽ വയ്ക്കുക. ആദ്യം പൂർത്തിയാക്കുന്ന ഗ്രൂപ്പിന് 100 പോയിന്റ് , രണ്ടാമത് പൂർത്തിയാക്കുന്ന ഗ്രൂപ്പിന് 90 എന്ന ക്രമത്തിൽ പോയിന്റുകൾ നൽകാം. എല്ലാ ഗ്രൂപ്പുകളും പൂർത്തിയാക്കിക്കഴിയുമ്പോൾ ഓരോ ഗ്രൂപ്പിനും മറ്റൊരു ഗ്രൂപ്പിലെ ഒരംഗത്തെ റഫറിയായി നൽകാം. തുടർന്ന് ഓരോ ഗ്രൂപ്പും ചെയ്തത് ശരിയാണോ എന്ന് റഫറിയുടെ നേതൃത്വത്തിൽ പരിശോധിക്കുന്നു. ഓരോ ഗ്രൂപ്പിനും ആദ്യം ലഭിച്ച പോയിന്റിൽനിന്ന് ഒരു തെറ്റിന് 2 പോയിന്റ് എന്ന ക്രമത്തിൽ കുറയ്ക്കുന്നു. പൂർണ്ണമായും ശരിയാക്കുന്നവർക്ക് 10 ബോണസ് പോയിന്റ്. കൂടുതൽ പോയിന്റ് ലഭിച്ച ടീം വിജയികളാകുന്നു.

**ആക്ടിവിറ്റി 4**

**പൊൻതാരകങ്ങൾ**

ദൈവവചനം പാലിച്ചതുവഴി രക്ഷാകരചരിത്രത്തിന്റെ ഭാഗമായ ചില പൊൻതാരകങ്ങളെ തിരിച്ചറിയാം.

| | |
|---|---|
| പുറപ്പാട് 3 : 10 | - മോശ |
| ഉൽപ്പത്തി 22 : 2 | - അബ്രാഹം |
| 1 സാമുവൽ 16 : 12 | - ദാവീദ് |
| ഏശയ്യാ 6 : 8 | - ഏശയ്യാ |
| ലൂക്കാ 1 : 30, 31 | - മറിയം |
| മത്തായി 1 : 24 | - ജോസഫ് |
| മത്തായി 4 : 19 | - പത്രോസ് ശ്ലീഹ |
| അപ്പ. പ്രവർത്തനങ്ങൾ 9: 6 | - പൗലോസ് ശ്ലീഹ |

പൊൻതാരകങ്ങളെ കണ്ടെത്തുന്നതോടൊപ്പം അവരുടെ ചിത്രങ്ങൾ തിരിച്ചറിഞ്ഞ് കോളത്തിൽ ക്രമനമ്പർ എഴുതുക.

ഓരോ ഗ്രൂപ്പിൽനിന്നും ഒരാൾ മാറിനിന്ന് ബൈബിൾഭാഗം വായിച്ചതിനുശേഷം അഭിനയിച്ചോ സൂചനകൾ നൽകിയോ ആ ബൈബിൾ ഭാഗത്ത് പ്രതിപാദിച്ചിരിക്കുന്ന ആളെ ഗ്രൂപ്പിലെ മറ്റ് അംഗങ്ങളെക്കൊണ്ട് പറയിപ്പിക്കുന്ന രീതിയിൽ ഈ പ്രവർത്തനം ചെയ്യാവുന്നതാണ്.

**ആക്ടിവിറ്റി 5**

ഓരോ കുട്ടിയും വിശുദ്ധ ഗ്രന്ഥത്തെപ്പറ്റിയുള്ള അവരുടെ അനുഭവം / അഭിപ്രായം ഒരു വാക്യമായി ഓട്ടോഗ്രാഫ് രൂപത്തിലെഴുതി, അവരുടെ പേരെഴുതി ഒപ്പിട്ട് പ്രവർത്തനം പൂർത്തിയാക്കാം. സാധിക്കുമെങ്കിൽ അവരുടെ ഫോട്ടോയും പതിക്കാം.

## ആറാം ദിവസം

**വചനം ജീവിച്ച വ്യക്തികൾ**

**ആക്ടിവിറ്റി 1**

എല്ലാ കുട്ടികളും തങ്ങളുടെ പേരിന് കാരണമായ വിശുദ്ധൻ / വിശുദ്ധയെക്കുറിച്ച് ഒരു കുറിപ്പ് എഴുതുവാൻ ആവശ്യപ്പെടുക. തങ്ങളെ സ്വാധീനിച്ച വിശുദ്ധൻ / വിശുദ്ധയുടെ 5 പ്രത്യേകതകൾ നല്കിയിരിക്കുന്ന കോളത്തിൽ എഴുതിച്ചേർക്കുവാൻ ആവശ്യപ്പെടുക.

## ആക്ടിവിറ്റി 2

ഈശോയുടെ സഹോദരരായി മാറുവാനുള്ള സാമുവലിന്റേതു പോലുള്ള ആഗ്രഹത്തോടെ ദൈവവചനത്തിന്റെ പ്രത്യേകതകൾ വിശദമാക്കുന്ന പട്ടിക കുട്ടികൾ പൂർത്തിയാക്കുന്നു.

| വചനഭാഗം | തിരുവചനം | വചനത്തിന്റെ പ്രത്യേകത |
|---|---|---|
| യോഹ. 17:17 | ''അങ്ങ് അവരെ സത്യത്താൽ വിശുദ്ധികരിക്കണമേ, അവിടുത്തെ വചനമാണ് സത്യം'' | വചനം നമ്മെ വിശദ്ധീകരിക്കുന്നു. |
| 1 യോഹ. 5:12 | ''പുത്രനെ സ്വന്തമാക്കയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു, ദൈവപുത്രനെ സ്വന്തമാക്കാത്തവന് ജീവനില്ല'' | ദൈവവചനം ജീവദായകമാണ്. |
| യോഹ. 8:31 | ''എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്''. | വചനം നമ്മെ ശിഷ്യരാക്കുന്നു. |

## ആക്ടിവിറ്റി 3

കുട്ടികളോട് തങ്ങൾക്ക് സുപരിചിതരായ താഴെപ്പറയുന്ന വ്യക്തികളെ സ്വാധീനിച്ച തിരുവചനഭാഗം കണ്ടെത്തി എഴുതുവാൻ ആവശ്യപ്പെടുക. ഓരോ വിശുദ്ധരുടെയും ജീവചരിത്രം ഗ്രൂപ്പടിസ്ഥാനത്തിൽ റോൾപ്ലേയായി ക്ലാസ്സിൽ അവതരിപ്പിക്കുക.


| വിശുദ്ധ / വിശുദ്ധൻ | സ്വാധീനിച്ച തിരുവചനം |
| --- | --- |
| വിശുദ്ധ അഗസ്തീനോസ് | ''പ്രത്യുത, കർത്താവായ ഈശോയെ ധരിക്കുവിൻ, ദുർമോഹങ്ങളിലേക്ക് നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ'' |
| വിശുദ്ധ ഫ്രാൻസിസ് സേവ്യർ | ''ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടമാക്കിയാൽ അവന് എന്ത് പ്രയോജനം?'' |
| വിശുദ്ധ അന്തോനീസ് | ''നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ പോയി നിങ്ങൾക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക'' |
| വിശുദ്ധ മദർതെരേസ | ''എന്റെ എളിയ സഹോദരരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്'' |

**ആക്ടിവിറ്റി 4**

ഒരു ചെറുപുഞ്ചിരി, കൂടെയിരിക്കുന്ന സാന്നിധ്യം എന്നിവയിലൂടെ കുട്ടികൾ ചെറുപുഞ്ചിരിയും സാന്നിധ്യവും ആഗ്രഹിക്കുന്ന വ്യക്തികളെ ചേർത്ത് ഒരു പദസൂര്യൻ തയ്യാറാക്കുന്നു. (വല്യപ്പച്ചൻ, വല്യമ്മച്ചി, അപ്പൻ, അമ്മ, സഹോദരൻ, സഹോദരി, അധ്യാപകർ, വൈദീകർ, സിസ്റ്റേഴ്സ്, പ്രായമായവർ)

**ആക്ടിവിറ്റി 5**

കുട്ടികൾ തങ്ങളെ സ്വാധീനിച്ച ഒരു വിശുദ്ധൻ അല്ലെങ്കിൽ വിശുദ്ധയെക്കുറിച്ച് അവരിൽ കണ്ട നന്മകളും ജീവിതമൂല്യങ്ങളും രേഖപ്പെടുത്തുക.



വിശുദ്ധ അഗസ്തീനോസ്



വിശുദ്ധ ഫ്രാൻസിസ് സേവ്യർ



വിശുദ്ധ അന്തോനീസ്



വിശുദ്ധ മദർതെരേസ

## ഏഴാം ദിവസം

### വചനം എന്റെ വഴികാട്ടി

ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിൽ ദൈവവചനം നമ്മെ എപ്രകാരം വഴി നടത്തുന്നുവെന്നു ബോധ്യം നല്കാനാണ് ഈ ദിവസം ലക്ഷ്യം വയ്ക്കുന്നത്.

### ആക്ടിവിറ്റി 1

ലയണൽ മെസ്സിയുടെയും ഉസൈൻ ബോൾട്ടിന്റെയും ദൈവത്തിലുള്ള വിശ്വാസവും ദൈവവചനത്തോടുള്ള സ്നേഹവും ബൈബിൾ ഭാഗങ്ങളിലൂടെ പരിചയപ്പെടുത്തുക.

### ആക്ടിവിറ്റി 2

കവിതാശകലങ്ങൾ എഴുതാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കാം. കുട്ടികൾക്ക് പരിചിതമായ പിക്ക് അപ്പ് ലൈനുകളുടെ മാതൃകയിലാണ് ഉദാഹരണം നല്കിയിരിക്കുന്നത്. ആ രീതിയും ഉചിതമെങ്കിൽ അനുകരിക്കാവുന്നതാണ്.

### ആക്ടിവിറ്റി 3

സന്തോഷം : സങ്കീർത്തനം 73 : 28
ഭയം : ഏശയ്യാ 41 : 10
വിജയം : ലൂക്കാ 1 : 49

### ആക്ടിവിറ്റി 4

1. സങ്കീർത്തനം 52 : 25
2. തിമോത്തിയോസ് 2 : 14
3. മത്തായി 6 : 14
4. യാക്കോബ് 1 : 27
5. 1 പത്രോസ് 3 : 9
6. 1 കൊറി 3 : 17
7. 1 കൊറി 9 :16

### ആക്ടിവിറ്റി 5

1. പ്രാർത്ഥനാപൂർവ്വം, 2. സന്ദേശം, 3. കുറവുകൾ, 4. തെറ്റുകൾ
5. നന്മകൾ, 6. വ്യാഖ്യാനം, 7. ദൈവഹിതം

### വചനം വായിച്ച് പ്രാർത്ഥിക്കുന്നതിനുള്ള 7 പടികൾ

ഈ മാതൃകയിൽ പ്രാർത്ഥിക്കുവാൻ കുട്ടികൾക്ക് പരിശീലനം നല്കുക. പ്രാർത്ഥന നടത്തുക.

## എട്ടാം ദിവസം

തിരുവചനം എങ്ങനെ നമ്മുടെ അനുദിന ജീവിതത്തിൽ ആവശ്യമായി വരുന്നെന്നും, എങ്ങനെ വചനത്തിനു സാക്ഷ്യമായി ജീവിക്കണം എന്നും ഉള്ളതിന് കുട്ടികളെ ചിന്തിപ്പിക്കാൻ സഹായിക്കുന്ന ആക്ടിവിറ്റികൾ ആണ് ഈ ദിവസം ക്രമീകരിച്ചിരിക്കുന്നത്.

### ആക്ടിവിറ്റി 1

**1. കൊളോസോസ് 3 : 20**

കുട്ടികളേ, എല്ലാകാര്യങ്ങളിലും നിങ്ങളുടെ മാതാപിതാക്കൻമാരെ അനുസരിക്കുവിൻ. ഇതു കർത്താവിനു പ്രീതികരമത്രേ.

**2. സുഭാഷിതങ്ങൾ 10 : 5**

വേനൽക്കാലത്തു കൊയ്തെടുക്കുന്ന മകൻ മുൻകരുതലുള്ളവനാണ്; കൊയ്ത്തുകാലത്ത് ഉറങ്ങുന്ന മകൻ അപമാനം വരുത്തിവയ്ക്കുന്നു.

**3. സുഭാഷിതങ്ങൾ 19 :26**

പിതാവിനോട് അതിക്രമം കാട്ടുകയും അമ്മയെ ആട്ടിയോടിക്കുകയും ചെയ്യുന്ന മകൻ അപമാനവും അധിക്ഷേപവും വരുത്തിവയ്ക്കുന്നു. കുട്ടികൾ കുടുംബത്തിൽ എങ്ങനെ ആയിരിക്കണം എന്നും, അവരുടെ പഠനത്തിൽ എത്രത്തോളം ശ്രദ്ധിക്കണം എന്നും ഈ വചനങ്ങളെ അടിസ്ഥാനമാക്കി വിശദീകരിച്ചു നൽകുക. ഇപ്പോൾ സമൂഹത്തിൽ നടക്കുന്ന സംഭവങ്ങളും ഉദാഹരണമായി പറയാം.

### ആക്ടിവിറ്റി 2

താഴെ നൽകിയിരിക്കുന്ന ബൈബിൾ ഭാഗങ്ങൾ കൂടാതെ അനവധി വചനഭാഗങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ ഉണ്ട്. വിശ്വാസപരിശീലകർ ഉചിതമെന്നു തോന്നുന്ന ഭാഗങ്ങൾ കുട്ടികളോട് പറഞ്ഞു, വർക്ക്ബുക്കിൽ നൽകിയിരിക്കുന്ന സാഹചര്യങ്ങളിൽ എന്താണ് ദൈവഹിതം എന്നത് വിശദീകരിച്ചു നല്കുമല്ലോ.

സാഹചര്യങ്ങളിൽ ഉപയോഗിക്കാവുന്ന ബൈബിൾ ഭാഗങ്ങളുടെ ഉദാഹരണങ്ങൾ

**1.** വീഞ്ഞ് പരിഹാസകനും, മദ്യം കലഹക്കാരനുമാണ്; അവയ്ക്ക് അടിമപ്പെടുന്നവന് വിവേകമില്ല. **സുഭാഷിതങ്ങൾ 20 : 1**

എന്തെന്നാൽ മദ്യപനും ഭോജനപ്രിയനും ദാരിദ്ര്യത്തിലകപ്പെടും; മത്തുപിടിച്ചു മയങ്ങുന്നവന് കീറത്തുണിയുടുക്കേണ്ടിവരും.
**സുഭാഷിതങ്ങൾ 23 : 21**

മദ്യപനായ തൊഴിലാളി ഒരിക്കലും ധനവാനാകയില്ല; ചെറിയകാര്യങ്ങൾ അവഗണിക്കുന്നവൻ അൽപാൽപ്പമായി നശിക്കും.

**പ്രഭാഷകൻ 19 : 1**

കള്ളന്മാരും അത്യാഗ്രഹികളും മദ്യപാന്മാരും പരദൂഷകരും കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല.

**1 കോറിന്തോസ് 6 : 10**

വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തുന്നവൻ ആരായാലും, അവനു കൂടുതൽ നല്ലത്, ഒരു വലിയ തിരികല്ലു കഴുത്തിൽ കെട്ടി കടലിൽ എറിയപ്പെടുന്നതാണ്.

**മർക്കോസ് 9 : 42**

പ്രലോഭനങ്ങൾ നിമിത്തം ലോകത്തിനു ദുരിതം! പ്രലോഭനങ്ങൾ ഉണ്ടാകേണ്ടതാണ്, എന്നാൽ, പ്രലോഭനഹേതുവാകുന്നവനു ദുരിതം!

**മത്തായി 18 : 7**

**റോമാ 13 : 13**

**ഗലാത്തിയാ 5 : 21**

**2.** അലസൻ ഉഴവുകാലത്തു നിലമൊരുക്കുന്നില്ല; കൊയ്ത്തുകാലത്തുതേടിനടക്കും; ഒന്നും ലഭിക്കുകയില്ല.

**സുഭാഷിതങ്ങൾ 20 : 4**

സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനദുർബലമാവുകയും, ആ ദിവസം ഒരു കെണിപോലെ പെട്ടെന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ.

**ലൂക്കാ21 : 34**

അലസമായ കരം ദാരിദ്ര്യം വരുത്തിവയ്ക്കുന്നു; സ്ഥിരോത്സാഹിയുടെ കൈ സമ്പത്തു നേടുന്നു.

**സുഭാഷിതങ്ങൾ 10 : 4**

പ്രാർത്ഥനയിൽ മടുപ്പുതോന്നരുത്; ദാനധർമ്മത്തിൽ വൈമുഖ്യം കാണിക്കരുത്.

**പ്രഭാഷകൻ 7 : 10**

**റോമാ 8 : 7-8**

**2 തെസലോനിക്കാ 3 : 6**

**3.** അവർ പറഞ്ഞു: കർത്തവായ യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും.

**അപ്പ. പ്രവർത്തനങ്ങൾ 16 : 31**

ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല.

**അപ്പ. പ്രവർത്തനങ്ങൾ 4 : 12**

പിതാവ് പുത്രനെ സ്നേഹിക്കുന്നു. എല്ലാം അവന്റെ കൈകളിൽ ഏല്പിക്കുകയും ചെയ്തിരിക്കുന്നു.

പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ലഭിക്കുന്നു. എന്നാൽ, പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവന്റെമേൽ ഉണ്ട്.

**യോഹന്നാൻ 3 : 35–36**

ഇത്, ഈശോയുടെ നാമത്തിനു മുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും, ഈശോ കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ്.

**ഫിലിപ്പി2 : 10–11**
**1 യോഹന്നാൻ 5 : 10–12**
**പുറപ്പാട് 20 : 1–12**

**ആക്ടിവിറ്റി 3**

അനുദിന ജീവിതത്തിൽ നാം കടന്നു പോകുന്ന വിവിധ സാഹചര്യങ്ങളിൽ ശരിയായ ജീവിതം നയിക്കുവാൻ നമ്മെ സഹായിക്കുന്ന വചനഭാഗങ്ങളാണ് നൽകിയിരിക്കുന്നത്. അത് കുട്ടികളെ കൊണ്ട് എഴുതിച്ചു, ഏതൊക്കെ സാഹചര്യത്തിൽ ഈ വചനങ്ങൾ അവരെ സഹായിക്കും എന്ന് പറയിക്കുന്നത് ഉചിതമായിരിക്കും.

| വചന ഭാഗം | ജീവിത സാഹചര്യങ്ങൾ |
|---|---|
| ജറമിയ 29 : 11 | ജീവിതത്തിൽ നിരാശ വരുന്ന സന്ദർഭങ്ങളിൽ |
| പ്രഭാഷകൻ 31 : 20 | ഭക്ഷണത്തോടുള്ള സമീപനം |
| സുഭാഷിതങ്ങൾ 20 : 4 | അലസത ഉള്ള സാഹചര്യങ്ങൾ |
| പ്രഭാഷകൻ 32 : 14 | പ്രഭാതത്തിൽ ഉണരുകയും പ്രാർഥിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത |

| | |
|---|---|
| പ്രഭാഷകൻ 31 : 10, 11 | പാപ സാഹചര്യങ്ങളെ ഉപേക്ഷിക്കുവാൻ കരുത്തു നൽകുന്ന വചനം |
| പ്രഭാഷകൻ 6 : 6-10 | സുഹൃത്തുക്കളെ തെരഞ്ഞെടുക്കേണ്ട സാഹചര്യങ്ങൾ |
| സങ്കീർത്തനങ്ങൾ 141 : 1, പ്രഭാഷകൻ 7 : 10 | പ്രാർത്ഥനയുടെ പ്രാധാന്യം |
| സുഭാഷിതങ്ങൾ14 : 3, പ്രഭാഷകൻ 20 : 8 | നമ്മുടെ സംസാരത്തിൽ ശ്രദ്ധിക്കേണ്ട സാഹചര്യങ്ങൾ |

**ആക്ടിവിറ്റി 4**

കഴിഞ്ഞ എട്ടു ദിവസങ്ങളായി കുട്ടികൾ അനവധി വചനം കേൾക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ അവർക്കു പരിചിതമായ ഒരു വചനം എങ്കിലും അവരെ കൊണ്ട് ബുക്കിൽ എഴുതിക്കുക. അത് കാണാതെ പഠിക്കാനും, ജീവിതത്തിൽ എന്ത് പ്രതിസന്ധി വന്നാലും സന്തോഷം വന്നാലും അവർത്തിച്ചുരുവിടുന്ന വചനമായി അത് മാറ്റാനും കുട്ടികളെ പ്രോത്സാഹിപ്പിക്കുക. അങ്ങനെ ഈശോ എപ്പോഴും ഒപ്പം ഉണ്ടെന്ന സത്യം അവരുടെ ഹൃദയത്തിൽ പതിയട്ടെ.



സന്ദേശനിലയം
ചങ്ങനാശ്ശേരി